'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 738 | 04.03.2020 ൽ മറുപടിയ്ക്ക്

### തിരുവനന്തപുരം ജില്ലയിൽ ആദിവാസികൾക്കായി വനം വകുപ്പിന്റെ പദ്ധതികൾ

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ നിലവിൽ വന്നശേഷം ആദിവാസികൾക്കായി തിരുവനന്തപുരം ജില്ലയിൽ വനം വകുപ്പ് ഏതെല്ലാം പദ്ധതികൾ ആവിഷ്കരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ നിലവിൽ വന്നശേഷം ആദിവാസികൾക്കായി തിരുവനന്തപുരം ജില്ലയിൽ ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:-<br>1 . ആദിവാസി സെറ്റിൽമെൻറുകളിൽ വന്യമൃഗങ്ങൾ മൂലം ഉണ്ടാകുന്ന ആക്രമണംതടയുന്നതിനായി/കുറയ്ക്കുന്നതിനായി ആനകിടങ്ങുകൾ, സോളാർ ഫെൻസിംഗ് എന്നിവ നിർമ്മിച്ചിട്ടുണ്ട്.<br>2 . ആദിവാസികളുടെ ജീവിതമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനായി വന്യജീവി സങ്കേതങ്ങളിൽ ദിവസവേതന വാച്ചർമാരായി ജോലി നൽകി വരുന്നു<br>3 . ആദിവാസികളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ശൗചാലയങ്ങൾ നിർമ്മിച്ചു നൽകി വരുന്നു.<br>4 . ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഓരോ കുടുംബത്തിനും എൽ.പി.ജി. ഗ്യാസ് കണക്ഷൻ നൽകി വരുന്നു,<br>5 . പാങ്കാവ് സെൻറിൽമെൻറിലെ |

| | | | |
|---|---|---|---|
| | | | ആദിവാസികളുടെ ഉപജീവനാർത്ഥം ഒരു കരകൗശല യൂണിറ്റ് അനുവദിച്ച് നൽകി.<br>6 . ആദിവാസി വിഭാഗത്തിലെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും, ലൈബ്രറികൾക്കുമായി ആവശ്യമായ ഉപകരണങ്ങൾ ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ നൽകി വരുന്നു.<br>7 . നെയ്യാർ വന്യജീവിസങ്കേതത്തിലെ അയ്യവിളാകം, കാരിക്കുഴി എന്നീ സെറ്റിൽമെൻറുകളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കുടിവെള്ള പദ്ധതി നടപ്പിലാക്കി.<br>8 . വന്യമൃഗങ്ങളുടെ ആക്രമണം മൂലം ഉണ്ടായ കൃഷിനാശത്തിന് നിലവിലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ട പരിഹാരം നൽകി വരുന്നു. അതുപോലെ ജീവഹാനി സംഭവിക്കുന്നവർക്കും/പരിക്ക്/ചികിൽസ എന്നിവക്കും സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി നഷ്ടപരിഹാരം നൽകി വരുന്നു.<br>9 . നെയ്യാർ, പേപ്പാറ, കോട്ടൂർ എന്നിവിടങ്ങളിലെ ആദിവാസികളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിവിധ സെറ്റിൽമെൻറുകളിൽ കാലാകാലങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ വനം വകുപ്പ് സംഘടിപ്പിച്ചു വരുന്നു.<br>10. ആദിവാസി വിഭാഗത്തിലെ വിദ്യാർത്ഥികൾ പഠിക്കുന്ന പേപ്പാറ വന്യജീവിസങ്കേതത്തിലെ പൊടിയം എം.ജി.എൽ.സി. സ്കൂളിന് പാചകപ്പുര പണിത് നൽകി.<br>11. എ.ബി.പി. റെയിഞ്ച് കോട്ടൂരിലെ വാലിപ്പാറ ആദിവാസി സെൻറിൽമെൻറിലെ അംഗൻവാടിയിലെ ആവശ്യങ്ങൾക്കായി കിണർ നിർമ്മിച്ച് നൽകി.<br>12. ആദിവാസികളും കർഷകരുമായ 50 പേർക്ക് |

| | | | |
|---|---|---|---|
| | | | കാർഷിക വൃത്തിയിൽ അഭിവൃദ്ധിയുണ്ടാക്കുന്നതിന് കൃഷി സംബന്ധമായ പണിയായുധങ്ങൾ വാങ്ങി നൽകി.<br>13 . കോട്ടൂർ എ.ബി.പി.റെയിഞ്ചിലെ കോട്ടൂർ സെക്ഷനിൽ സ്വയം തൊഴിൽ സഹായത്തിന്റെ ഭാഗമായി വനിതാ ശിങ്കാരിമേളത്തിന് ആവശ്യമായ സാധനങ്ങൾ വാങ്ങി നൽകി.<br>1 4 . കോട്ടൂർ എ.ബി.പി.റെയിഞ്ചിലെ ചോനാംമ്പാറ അംഗൻവാടി അറ്റകുറ്റപ്പണികൾ നടത്തി. കൂടാതെ, ഒരു കരിയർ ഗൈഡൻസ് സെൻററിന് ക്യാബിൻ നിർമ്മിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | ഓരോ പദ്ധതിക്കും അനുവദിച്ച തുകയും ചെലവഴിച്ച തുകയും അറിയിക്കാമോ; | (ബി) | ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഓരോ പദ്ധതിയുടെയും പുരോഗതി സംബന്ധിച്ച റിപ്പോർട്ട് നൽകാമോ? | (സി) | എല്ലാ പ്രവര്ത്തികളും യഥാസമയം പൂർത്തീകരിച്ചിട്ടുള്ളതും തൽഫലമായി ആദിവാസി ജനസമൂഹത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളതായും വിലയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| ബഡ്ജറ്റ് ഹെഡ് | പ്രവൃത്തി | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| EDP | പേപ്പാറയിലെ പൊടിയം നെയ്യാർ വന്യജീവിസങ്കേതത്തിലെ, കാരിക്കുഴി, ചാക്കപ്പാറ, അയ്യവിളാകം ശൗചാലയം (5 പേർക്ക്) | 3 ലക്ഷം | 358881 |
| | എൽ.പി.ജി. കണക്ഷൻ (84 പേർക്ക്) | 4 ലക്ഷം | 387500 |
| ABR | പേപ്പാറ വന്യജീവിസങ്കേതത്തിലെ പൊടിയക്കാല, കൊമ്പിടി കുടിവെള്ള പദ്ധതി (2 എണ്ണം) | 2ലക്ഷം | 154362 |
| | മെഡിക്കൽ ക്യാമ്പ്(7 എണ്ണം) | 1.60 ലക്ഷം | 154030 |
| | കോട്ടൂർ മാങ്കോട്, ചാത്തൻകോട് ആദിവാസികളുടെ വീട് അറ്റകുറ്റപ്പണികൾ (5 പേർക്ക്) | 3.50 ലക്ഷം | 302013 |
| | **സാമ്പത്തിക വർഷം 2017- 2018** | | |
| MRMAC | പേപ്പാറ പൊടിയക്കാല ആനകിടങ്ങ് കൃഷിനാശത്തിന് നഷ്ടപരിഹാരം | 13 ലക്ഷം | 13.68 ലക്ഷം |
| EDP | നെയ്യാർ വന്യജീവിസങ്കേതത്തിലെ തെന്മല, കാരിക്കുഴി, പുരവിമല, മായം എന്നീ ആദിവാസി സെന്റിൽമെന്റിലെ 145 കുടുംബങ്ങൾക്ക് എൽ.പി.ജി. ഗ്യാസ് കണക്ഷൻ | 5.5 ലക്ഷം | 6.74 ലക്ഷം |
| | നെയ്യാർ വന്യജീവിസങ്കേതത്തിലെ അയ്യവിളാകം കാരിക്കുഴി എന്നീ സെന്റിൽമെന്റുകളിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതി | 5.5 ലക്ഷം | 4.76 ലക്ഷം |
| | നെയ്യാർ പ്ലാത്ത് ട്രൈബൽ സെന്റിൽമെന്റിലെ കുടുംബങ്ങൾക്ക് ശൗചാലയം നിർമ്മിച്ചത് | 3 ലക്ഷം | 2.93 ലക്ഷം |
| | കോട്ടൂർ എ.ബി.റെയിഞ്ചിലെ പാങ്കാവ് സെന്റിൽമെന്റിൽ കരകൗശല യൂണിറ്റ് നിർമ്മിച്ചത് | 1 ലക്ഷം | 1 ലക്ഷം |
| | പേപ്പാറ പൊടിയം എം.ജി.എൽ.സി. സ്കൂളിന് പാചകപ്പുര പണിത് നൽകിയത് | 1 ലക്ഷം | 1.18 ലക്ഷം |
| | കോട്ടൂർ എ.ബി.റെയിഞ്ചിലെ പാങ്കാവാലിപ്പാറ അംഗൻവാടിയിലെ ആവശ്യത്തിലേക്ക് കിണർ നിർമ്മിച്ചത് | 5 ലക്ഷം | 53,400/- |
| ABR | നെയ്യാർ വന്യജീവിസങ്കേതത്തിലെ ആമല, ചാക്കപ്പാറ, കാരിക്കുഴി, പുരവിമല, തെന്മല എന്നീ സെറ്റിൽമെന്റിലെ 50 ആദിവാസികൾക്ക് കാർഷിക പണി ആയുധങ്ങൾ വാങ്ങി നൽകിയത്. | 0.60 ലക്ഷം | 76,500/- |
| | നെയ്യാർ വന്യജീവിസങ്കേതത്തിലെ സെന്റിൽമെന്റിലെ 34 അംഗങ്ങൾക്ക് എൽ.പി.ജി. ഗ്യാസ് നൽകിയത് | 1.50 ലക്ഷം | 1.78 ലക്ഷം |
| | നെയ്യാർ വന്യജീവിസങ്കേതത്തിലെ ചാക്കപ്പാറ ആദിവാസി സെറ്റിൽമെന്റിൽ ഒരു മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചത്.. നെയ്യാർ വന്യജീവിസങ്കേതത്തിലെ കാരിക്കുഴി ആദിവാസി സെറ്റിൽമെന്റിൽ ഒരു മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചത്. | 1.35 ലക്ഷം | 40,000/- |

| ബഡ്ജറ്റ് ഹെഡ് | പ്രവൃത്തി | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| ABR | നെയ്യാർ വന്യജീവിസങ്കേതത്തിലെ വ്ളാവെട്ടി സെറ്റിൽമെന്റിലെ സ്കൂളിന് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും എ.ബി.പി.റെയിഞ്ചിലെ വാലിപ്പാറ ട്രൈബൽ സ്കൂളിലെ ലൈബ്രറിക്കുമായി | 2.40 ലക്ഷം | 1.39 ലക്ഷം |
| | **സാമ്പത്തിക വർഷം 2018- 2019** | | |
| MRMAC | വന്യമൃഗങ്ങളുടെ ആക്രമണംമൂലമുണ്ടായ കൃഷിനാശത്തിന് 5 പേർക്ക് നഷ്ടപരിഹാരമായി നൽകിയത് | 2.75 ലക്ഷം. | 36,630/- |
| EDP | നെയ്യാർ വന്യജീവിസങ്കേതത്തിലെ ആയിരംകല്ല്, കൊമ്പൈ, ആമല, പുരവിമല എന്നീ സെറ്റിൽമെന്റുകളിൽ ഓരോ ശൗചാലയം നിർമ്മിച്ചത് | 4 ലക്ഷം | 3.20 ലക്ഷം |
| | നെയ്യാർ വന്യജീവിസങ്കേതത്തിലെ ചാക്കപ്പാറ സെറ്റിൽമെന്റിലും, പേപ്പാറ വന്യജീവിസങ്കേതത്തിലെ ചെമ്മാൻകാല സെറ്റിൽമെന്റിലും കോട്ടൂർ എ.ബി.പി. റെയിഞ്ചിലെ പാങ്കാ സെറ്റിൽമെന്റിലും ഓരോ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചത് | 1.50 ലക്ഷം | 1.35 ലക്ഷം |
| | പേപ്പാറ വന്യജീവിസങ്കേതത്തിലെ പൊടിയം, ചാത്തൻകോട്, മീനാങ്കൽ, എ.ബി.പി.റെയിഞ്ച്ലെ പാങ്കാവ്, വാലിപ്പാറ, ചോനാംമ്പാറ എന്നീ സെറ്റിൽമെന്റുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് | 4.50 ലക്ഷം | 2.16 ലക്ഷം |
| ABR | കൃഷി നാശത്തിന് | 4.50 ലക്ഷം | |
| | കോട്ടൂർ എ.ബി.പി.റെയിഞ്ചിൽ പുകയില്ലാത്ത അടുപ്പ്, സോളാർ ലൈറ്റ്, കുക്കിംഗ് ഗ്യാസ് (25 പേർക്ക്) | 1.33 | 132739 |
| | കുടിവെള്ള പദ്ധതി മുണ്ടാണിനട, വള്ളിയാർ, ചോനാംപാറ പാങ്കാവ് (4 എണ്ണം) | 3.90 ലക്ഷം | 4,22,471 |
| | **സാമ്പത്തിക വർഷം 2018- 2019** | | |
| EDP | മെഡിക്കൽ ക്യാമ്പ് മുക്കോത്തിവയൽ പൊടിയക്കാല | 1.5 ലക്ഷം | 98465 |
| | നെയ്യാർ വന്യജീവിസങ്കേതത്തിലെ ആമല, കാരിക്കുഴി | 3.30 ലക്ഷം | 3.67 |
| | നെയ്യാർ കുടിവെള്ള പദ്ധതി | 1.80 ലക്ഷം | പണി പുരോഗമിക്കുന്നു |
| MRMAC | എ.ബി.പി.റെയിഞ്ച് തോട്ടിൻപുറം ആനകിടങ്ങ് നിർമ്മാണം | 7 ലക്ഷം | 2.40 ലക്ഷം |
| | കൃശിനാശം നഷ്ടപരിഹാരം (5 പേർക്ക്) | 15,000/ | 26,378/- |

| ബഡ്ജറ്റ് ഹെഡ് | പ്രവൃത്തി | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| സാമ്പത്തിക വർഷം 2016- 2017 | | | |
| MRMAC | പേപ്പാറ വന്യജീവിസങ്കേതത്തിലെ കമലകം, കൊമ്പിടി സെറ്റിൽ മെന്റുകളിൽ സോളാർ ഫെൻസിംഗ് നിർമ്മിച്ചത്. (3 കി.മീ.) | 4 ലക്ഷം | 2,58,951 |
| | കോട്ടൂർ എ.ബി.പി, റെയിഞ്ച്ലെ സ്വർണ്ണക്കോട്, കാഞ്ഞിരംകോട് സോളാർ ഫെൻസിംഗ് നിർമ്മിച്ചത് (1.5 കി.മീ) | 2 ലക്ഷം | 3,42,805 |
| | നെയ്യാർ വന്യജീവിസങ്കേതത്തിലെ കൊമ്പൈ സോളാർ ഫെൻസിംഗ് നിർമ്മിച്ചത് (3 കി.മീ) | 3 ലക്ഷം | 2,94,155 |
| | കോട്ടൂർ ആനകിടങ്ങ് നിർമ്മിച്ചത് (26 മീറ്റർ) | 1 ലക്ഷം | 1,04,089 |

<u>ചുരുക്കപ്പട്ടിക</u>

| സാമ്പത്തിക വർഷം | ശീർഷകം | ആദിവാസികളുടെ ഉന്നമനത്തിനായി ആവിഷ്ക്കരിച്ച പദ്ധതികൾക്ക് | |
|---|---|---|---|
| | | അനുവദിച്ച തുക | ചെലവഴിച്ച തുക |
| 2016- 2017 | MRMAC | 10 ലക്ഷം | 10 ലക്ഷം |
| | EDP | 7 ലക്ഷം | 7.46 ലക്ഷം |
| | ABR | 7.10 ലക്ഷം | 6.10 ലക്ഷം |
| 2017-18 | MRMAC | 13 ലക്ഷം | 13.68 ലക്ഷം |
| | EDP | 21 ലക്ഷം | 17.14 ലക്ഷം |
| | ABR | 5.85 ലക്ഷം | 4.30 ലക്ഷം |
| 2018-19 | MRMAC | 2.75 ലക്ഷം | 0.36 ലക്ഷം |
| | EDP | 10 ലക്ഷം | 6.71 ലക്ഷം |
| | ABR | 9.73 ലക്ഷം | 5.55 ലക്ഷം |
| 2019-20 | MRMAC | 7.15 ലക്ഷം | 2.66 ലക്ഷം |
| | EDP | 6.60 ലക്ഷം | 4.65 ലക്ഷം |

സെക്ഷൻ ഓഫീസർ